## സർക്കുലർ നമ്പർ 57/2019

നമ്പർ.ജി(4)5517/19 സഹകരണ സംഘം രജിസ്ട്രാർആഫീസ്,
തിരുവനന്തപുരം, തിയതി: 31.12.2019

വിഷയം:- സഹകരണ വകുപ്പ് - മഹാകവി കുമാരനാശാന്റെ പൂർണ്ണകായ വെങ്കല പ്രതിമ - സ്ഥാപിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 1) കാവ്യ കൗമുദി സാഹിത്യ സമിതി കേരള ജനറൽ സെക്രട്ടറി ബഹു. സഹകരണ വകുപ്പ് മന്ത്രിക്ക സമർപ്പിച്ച 18.09.2019 ലെ അപേക്ഷ.
2) No.1720/Min(Co-op, TSM&DEV)/2019 നം.എൻഡോഴ്സ്മെന്റ്.
3) സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ നിന്നും സർക്കാരിൽ സമർപ്പിച്ച 31.10.2019 ലെ മേൽ നമ്പർ കത്ത്.
4) സർക്കാരിൽ നിന്നും ലഭിച്ച 11.12.2019 ലെ പി.എസ്1/458/2019/സഹ.നമ്പർ കത്ത്.

കൊല്ലം കേന്ദ്രമാക്കി പ്രവർത്തിച്ച വരുന്ന കാവ്യ കൗമുദി സാഹിത്യ സാംസ്കാരിക സമിതി കേരള, കൊല്ലം കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിന് എതിർ വശം മഹാ കവി കുമാരനാശാന്റെ പൂർണ്ണകായ വെങ്കല പ്രതിമ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയുമാണ്. എസ്റ്റിമേറ്റ് പ്രകാരം ടി പ്രവർത്തനത്തിന് ഏകദേശം 30 ലക്ഷം രൂപ ചെലവ് വരുന്ന സാഹചര്യത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ നിന്നും സംഭാവന നൽകണമെന്നപേക്ഷിച്ച് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം ഈ ആഫീസിൽ ലഭിക്കുകയും ആയതിൽ പരാമർശം (4) പ്രകാരം സർക്കാർ അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കൊല്ലം കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിന് എതിർ വശം ബ്ലോക്ക് നമ്പർ 163 ൽ സർവ്വെ നമ്പർ 47 ൽ പെട്ട 10 ചതുരശ്ര മീറ്റർ സ്ഥലത്ത് മഹാകവി കുമാരനാശാന്റെ പൂർണ്ണകായ വെങ്കല പ്രതിമ നിർമ്മാണത്തിനായി കൊല്ലം ജില്ലയിൽ

സഹകരണ വകുപ്പിന് കീഴിലുള്ള ലാഭത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും 10,000/-രൂപയിൽ കവിയാത്ത തുക സംഭാവനയായി നൽകുന്നതിന് അനുമതി നൽകുന്നു.

(ഒപ്പ്)
ഡോ.പി.കെ. ജയശ്രീ.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

1. ജോയിന്റ് രജിസ്ട്രാർ(ജനറൽ), കൊല്ലം.
2. ജോയിന്റ് ഡയറക്ടർ(ആഡിറ്റ്), കൊല്ലം.
3. ജില്ലയിലെ എല്ലാ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
   (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).
4. ജില്ലയിലെ എല്ലാ താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
   (ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന).
5. ജില്ലയിലെ എല്ലാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).
6. ജനറൽ സെക്രട്ടറി, കാവ്യകൌമുദി സാഹിത്യ സമിതി കേരള
7. എഡിറ്റർ, സഹകരണ വീഥി.
8. സ്റ്റോക്ക് ഫയൽ
9. വെബ് സൈറ്റ്.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)